"ഭരണഭാഷ – മാതൃഭാഷ"

ഇ-മെയിൽ: director.ims@kerala.gov.in വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

MRC1/4013/2023/DIMS

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14,

തീയതി, 18-12-2023

## സർക്കുലർ

വിഷയം:- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് -ഇ.എസ് .ഐ ആശുപത്രികളിലെ ചികിത്സയ്ക്കുള്ള അവശ്യ വസ്തുക്കൾ വാങ്ങുന്നത് സംബന്ധിച്ച്

സൂചന: ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഡയറക്ടറുടെ അധ്യക്ഷതയിൽ 27/10/2023 ന് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ചേർന്ന ദ്വൈമാസ അവലോകന യോഗത്തിന്റെ മിനിട്ട്സ്

ഇ.എസ് .ഐ ഗുണഭോക്താക്കൾക്ക് ഇ.എസ് .ഐ ആശുപത്രിയിൽ സൗജന്യ ചികിത്സ നൽകുന്നത് സംബന്ധിച്ചും മരുന്നുകളും അനുബന്ധ വസ്തുക്കളും പുറത്തു നിന്ന് വാങ്ങുന്നതിൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതു സംബന്ധിച്ചും 27/10/2023 ന് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ചേർന്ന ദ്വൈമാസ അവലോകന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ നൽകുന്നു .ആയതു കർശനമായി പാലിക്കേണ്ടതാണ്.

1. ഇ.എസ് .ഐ ഗുണഭോക്താക്കൾക്ക് ഇ.എസ് .ഐ ആശുപത്രിയിൽ സൗജന്യ ചികിത്സ നൽകേണ്ടതാണ്.

2. ഇ.എസ് .ഐ ഗുണഭോക്താക്കൾക്കുള്ള മരുന്നുകളും ചികിത്സയ്ക്കാവശ്യമായ മറ്റ് അനുബന്ധ വസ്തുക്കളും ഇ.എസ് .ഐആശുപത്രിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

3. ഇ.എസ് .ഐ ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകളും ചികിത്സയ്ക്കാവശ്യമായ മറ്റ് അനുബന്ധ വസ്തുക്കളും ഐ പി പുറമെ നിന്ന് വാങ്ങിക്കുകയും അതിന്റെ തുക റീ ഇംബേഴ്സ് ചെയ്തു കിട്ടുന്നതിനായി അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം മുഴുവൻ തുകയും റീ ഇംബേഴ്സ് ചെയ്തു കൊടുക്കേണ്ടതാണ്.

**ഡോ . എസ് മാലിനി**

Signed by
Malini S
Date: 18-12-2023 16:50:52

**ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ**